ഫെഡറേഷൻ, കേരള കാർഷികസർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെലവപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് ലൈസൻസ് നൽകി സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിൽ സംസ്ഥാനത്താകെ 63 നാളികേര ഉല്പാദക ഫെഡറേഷനുകളുടെ യൂണിറ്റുകൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

(ബി) നീരയുടെ ഉൽപ്പാദനവും വിതരണവും നിയമവിധേയമാക്കുന്നതിന്റെ ഭാഗമായി 14-2-2014-ലെ ജി.ഒ.(പി) 27/2014/ നി.വ. പ്രകാരം "ദി കേരള സ്വീറ്റ് റ്റോഡി (നീര) റൂൾസ് 2014" പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ടി റൂൾസ് പ്രകാരമാണ് സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും അനുമതി നൽകിയിട്ടുള്ളത്.

(സി) നീരയുടെ ഉല്പാദനവും വിതരണവും നിരീക്ഷിക്കുന്നതിന്റേയും നിയന്ത്രിക്കുന്നതിന്റേയും ഭാഗമായി "ദി കേരള സ്വീറ്റ് റ്റോഡി (നീര) റൂൾസ് 2014" പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. കൂടാതെ കൃഷി-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച്, കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും 13-5-2014-ലെ ജി.ഒ. (എംഎസ്.) 66/2014/നി.വ പ്രകാരം നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. തെങ്ങുകൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യ ഒരുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് നാളികേര നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

വാഹനാപകടങ്ങളെക്കുറിച്ചുള്ള ഇടക്കാല റിപ്പോർട്ട്

8 (*8) <u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> :
<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷന്റെ ഇടക്കാല റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ;

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ലഭിച്ചിട്ടുണ്ട്.

(ബി) 1. എൻ.എച്ച് - 17 - എൻ.എച്ച് - 47 എന്നീ റോഡുകൾ കമ്മീഷൻ പരിശോധിച്ച് 219 അപകടമേഖലകൾ കണ്ടെത്തുകയും, അപകടം ഒഴിവാക്കാൻ വേണ്ടിയുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ജില്ലകളിലെ റോഡ് സുരക്ഷാ കൗൺസിൽ ഇത് സംബന്ധിച്ച് ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുവാൻ പരിശോധനാ റിപ്പോർട്ടുകൾ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് അപ്പപ്പോൾതന്നെ അയച്ചുകൊടുത്തിട്ടുമുണ്ട്. ഇനിയും ബാക്കിയുള്ള എൻ.എച്ച്. റോഡുകളും, ജില്ലാ റോഡുകളും പരിശോധിക്കാനുണ്ട്. അവ പരിശോധിച്ചശേഷം അന്തിമ റിപ്പോർട്ടിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതാണ്.

2. എൻ.എച്ച്-17, എൻ.എച്ച്-47 റോഡുകളിലെ വാഹനങ്ങളുടെ തിരക്ക് ഒരു പരിധിവരെയെങ്കിലും ഒഴിവാക്കുന്നതിനുവേണ്ടി "റോൾ ഓൺ - റോൾ ഓഫ് സംവിധാനം കേരളത്തിലും നടപ്പാക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. ഈ ശിപാർശയിന്മേൽ ജസ്റ്റീസ് ചന്ദ്രശേഖരദാസ് കമ്മീഷൻ തന്നെ റെയിൽവേ അധികാരികളുമായി പ്രാരംഭ ചർച്ചകൾ നടത്തിക്കഴിഞ്ഞു.

3. നാഷണൽ ഹൈവേ ഒഴികെയുള്ള നഗരങ്ങളിലെ റോഡുകളിൽ തിരക്കേറിയ സ്ഥലങ്ങളിൽ കാൽനടയാത്രക്കാർക്കുവേണ്ടി മേൽപ്പാലങ്ങൾ നിർമ്മിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്.

4. ബി.ഒ.ടി. സമ്പ്രദായത്തിൽ പ്രധാന നഗരങ്ങളിൽ പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സ്വകാര്യവ്യക്തികൾക്ക് അനുവാദം നൽകുക.

5. ആർ.ഡി.ഒ. ആഫീസുകളിലെ അമിതമായ തിരക്ക് ഒഴിവാക്കാനും സമയബന്ധിതമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനും വേണ്ടി വാഹനങ്ങൾ പരിശോധിച്ച് ഫിറ്റനസ് സർഫിക്കറ്റുകൾ നൽകുന്നതിന് കർശന നിയന്ത്രണങ്ങൾക്ക് വിധേയമായി സ്വകാര്യ സംരംഭകർക്ക് ലൈസൻസ് നൽകുക.

ഇവയാണ് ഇടക്കാല റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും.

(സി) കമ്മീഷൻ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിലെ ശിപാർശകൾ പഠിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly